നോർക്കയുടെ പ്രവർത്തനം

142 (4425) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നോർക്ക വകുപ്പ് ഇടപെട്ട് വിദേശത്ത് മരണമടഞ്ഞ എത്ര മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുകയുണ്ടായി :

(ബി) ഇതേ കാലയളവിൽ വിദേശങ്ങളിലെ ജയിലുകളിൽ കഴിയുന്ന എത്ര മലയാളികളെ മോചിപ്പിച്ചു കിട്ടുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയുണ്ടായി :

(സി) ഇതിന്റെ ഫലമായി എത്ര മലയാളികൾ വിദേശത്തെ ജയിലുകളിൽ നിന്നും മോചിപ്പിക്കപ്പെട്ടു ;

(ഡി) വ്യാജ റിക്രൂട്ടിംഗ് ഏജന്റുമാരാൽ കബളിക്കപ്പെട്ട് ജോലിയും വരുമാനമാർഗ്ഗവുമില്ലാതെ കഷ്ടതയനുഭവിക്കുന്ന എത്ര മലയാളികളെ കണ്ടെത്തി നാട്ടിലെത്തിക്കുവാൻ ഇതേ കാലയളവിൽ നോർക്കയ്ക്കു കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശത്ത് മരണമടഞ്ഞ ഉദ്ദേശം 400-ഓളം മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിന് അതാത് രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയവുമായി ബന്ധപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ രാജ്യങ്ങളിൽ കഴിയുന്ന ഏകദേശം 125-ഓളം മലയാളികളെ മോചിപ്പിച്ചു കിട്ടുന്നതിനുവേണ്ടി അതാത് രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വിദേശത്തെ ജയിലുകളിൽ നിന്നും മോചിതരായവരുടെ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

(ഡി) വ്യാജറിക്രൂട്ടിംഗ് ഏജന്റ്മാരാൽ കബളിക്കപ്പെട്ട് ജോലിയും വരുമാനമാർഗ്ഗവുമില്ലാതെ വിദേശരാജ്യങ്ങളിൽ കഷ്ടതയനുഭവിക്കുന്ന മലയാളികളെ സംബന്ധിച്ച വിവരം സർക്കാരിന് ലഭിക്കുമ്പോൾ അവരെ അവിടെ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും മോചിപ്പിച്ച് നാട്ടിൽ എത്തിക്കുന്നതിന് അതാത് രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയവുമായി ബന്ധപ്പെടാറുണ്ട്. എന്നാൽ ഇങ്ങനെ മടങ്ങിവന്ന മലയാളികൾ പ്രസ്തുത വിവരം നോർക്ക വകുപ്പിനെ അറിയിക്കാറില്ല. അതിനാൽ മടങ്ങിവന്നവരുടെ കൃത്യമായ കണക്കുകൾ വകുപ്പിൽ ലഭ്യമല്ല.

സമന്വയം 2003

143 (4426) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി വകുപ്പ് സംഘടിപ്പിച്ച "സമന്വയം 2003"-ലെ പ്രധാന അജണ്ട എന്തായിരുന്നു :

(ബി) അതിനു മുമ്പ് നടന്ന സമന്വയം സമ്മേളനങ്ങൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങളിൽ ഏതെല്ലാം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട് ; ഇതു സംബന്ധിച്ച ഒരു വിലയിരുത്തൽ ഈ സമ്മേളനം നടത്തുകയുണ്ടായോ :

(സി) സമന്വയം 2003-ന് പ്രതിനിധികളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്തായിരുന്നു ; എത്ര പ്രതിനിധികൾ പങ്കെടുത്തു ; അതിൽ പ്രവാസി മലയാളികൾ എത്രയായിരുന്നു ;

(ഡി) ഏതെല്ലാം മറുനാടൻ മലയാളി സംഘടനകളുടെ പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുത്തു ;

(ഇ) സമ്മേളന വേദിയിൽ നിന്ന് ഏതെങ്കിലും സംഘടനകളെ മാറ്റി നിർത്തിയതായി പരാതി ഉണ്ടായിട്ടുണ്ടോ ; അങ്ങനെ മാറ്റിനിർത്തിയെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ :

(എഫ്) ഈ സംഗമം സംഘടിപ്പിക്കുന്നതിന് എന്തു തുക ചെലവായി ; ആരൊക്കെയാണ് ചെലവ് വഹിച്ചത് ; എത്രവീതം ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) മറുനാടൻ മലയാളികളുടെ ക്ഷേമ-പുനരധിവാസ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ഒരു കർമ്മപരിപാടിക്ക് രൂപം നൽകുക എന്നതായിരുന്നു സമന്വയം 2003-ന്റെ പ്രധാന അജണ്ട.

(ബി) ഇതാദ്യമായാണ് സർക്കാർ സമന്വയം പരിപാടി സംഘടിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly